പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 4863 | 24. 07.2015- ൽ മറുപടി<br>നല്കേണ്ടിയിരുന്നത് |

**മാനസികാരോഗ്യ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സണ്ണി ജോസഫ്<br>" വി.റ്റി. ബൽറാം<br>" ഹൈബി ഈഡൻ<br>" എം.പി. വിൻസെന്റ് | | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) | മാനസികാരോഗ്യ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാം വഴി തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും Psychiatrist, Psychiatric Social Worker എന്നിവർ അടങ്ങുന്ന ടീം മാസത്തിലൊരിക്കൽ രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിച്ച് മരുന്നുകൾ നൽകുന്നു. മാനസികാരോഗ്യകേന്ദ്രങ്ങളിൽ ചികിത്സ നിർണയിച്ചവർക്കും തുടർചികിത്സ ആവശ്യമുള്ളവർക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വച്ചു തന്നെ ചികിത്സയും കൗൺസിലിംഗും ലഭ്യമാക്കുന്നു.<br><u>കോംപ്രിഹെൻസീവ് മെന്റൽ ഹെൽത്ത് പ്രോഗ്രാം</u><br>( സി.എം. എച്ച്. പി) മാനസിക രോഗം ഭേദമായതും എന്നാൽ തുടർചികിത്സ ആവശ്യമുള്ളവർക്ക് വേണ്ടി പകൽ വീടുകൾ 2014 ൽ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇവിടെ തുടർ ചികിത്സ, കൗൺസിലിംഗ് ഓക്കുപേഷൻ തെറാപ്പി എന്നിവ നൽകുന്നു. ഭക്ഷണം, മരുന്ന് പകൽ വീട്ടിലേയ്ക്കുള്ള യാത്ര എന്നിവ സൗജന്യമാണ്.<br><u>ഡി അഡിക്ഷൻ സെന്ററുകൾ</u> - മദ്യപാനം ഒരു മാനസികരോഗമാണ്. മദ്യത്തിന് അടിമകളായവരെ ലഹരി മുക്തി ചികിത്സ നൽകുന്നതിന് 19 ഡി അഡിക്ഷൻ സെന്ററുകൾ തുടങ്ങാനുള്ള പദ്ധതി ഉണ്ട്. ഇതിൽ ഒൻപതെണ്ണം ഇപ്പോൾ പ്രവർത്തനസജ്ജമാണ്. ഇത് കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രങ്ങളിലും ലഹരി മുക്തി ചികിത്സാ കേന്ദ്രങ്ങൾ ഉണ്ട്.<br>മാനസികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ചികിത്സയ്ക്കുള്ള മരുന്നുകൾ കെ. എം. എസ്. സി . എൽ വഴി ലഭ്യമാക്കുന്നു. |
| ബി) | മാനസികരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സംവിധാനങ്ങളിലെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; അവയത് പരിഹരി | ബി) | മാനസികാരോഗ്യകേന്ദ്രങ്ങളിലെ അപര്യാപ്തത പരിഹരിക്കാനായി ഒട്ടനവധി പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് വഴി ചെയ്തു വരുന്നുണ്ട്. തിരുവനന്തപുരം തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എല്ലാ സാമ്പത്തിക വർഷവും തുക വകയിരുത്തുകയും ടി തുക ഉപയോഗിച്ച് ഇൻ സർവ്വീസ് |

| | | | |
|---|---|---|---|
| | കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നു വ്യക്തമാക്കാമോ; | | പരിശീലനം, ഉപകരണങ്ങൾ, രോഗികൾക്കുള്ള വസ്ത്രങ്ങൾ, പുതപ്പുകൾ, കിടക്കകൾ, വാർഡുകളിലേക്കും, ഒ.പി. ബ്ലോക്കുകളിലേക്കും ഫർണിച്ചർ വാങ്ങൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഓരോ സാമ്പത്തിക വർഷവും മാനസികാരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ആവശ്യപ്പെടുന്ന തുക സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കി വിനിയോഗിച്ചുവരുന്നു. ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്കും, മാതാപിതാക്കൾക്കും ബന്ധുക്കൾക്കും ഉൾപ്പെടെ യുള്ളവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. കൂടാതെ മറ്റ് ആരോഗ്യ പ്രവർത്തന ക്ലാസ്സുകളിലും മേൽ വിഷയത്തിൽ ഊന്നൽ നൽകുന്നുണ്ട്. സർക്കാർ സംവിധാനത്തിലുള്ളതും , സ്വകാര്യ മേഖലയിലുള്ളതുമായ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് രോഗം ഭേദമായ അന്തേവാസികളെ മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൗതികസാഹചര്യങ്ങളുടെ പരിമിതികൾ പരിഹരിക്കുന്നതിനായി താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.<br>മാനസികാരോഗ്യകേന്ദ്രം തിരുവനന്തപുരം<br>ഡി- അഡിക്ഷൻ സെന്ററിന്റെ നിർമ്മാണം. പുരുഷന്മാർക്ക് വേണ്ടി 20 സിങ്കിൾ റൂമിന്റെ നിർമ്മാണം.<br>മാനസികാരോഗ്യകേന്ദ്രം തൃശ്ശൂർ<br>മോഡേൺ സൈക്യാട്രിക് വാർഡ് കെട്ടിടം, ഡയറ്ററി യൂണിറ്റ് കെട്ടിടം, ഫീമെയിൽ ഫോറൻസിക് വാർഡ് സീവേജ് സിസ്റ്റം പുതുക്കി പണിനടക്കുന്നു.<br>കൂടാതെ മോഡേൺ സൈക്യാട്രിക് വാർഡ് പണിയുന്നതിനുവേണ്ടി 4 കോടി, ഡയറ്ററി യൂണിറ്റ് പണിയുന്നതിനുവേണ്ടി 90 ലക്ഷം സീവേജ് സിസ്റ്റത്തിന് വേണ്ടി 45 ലക്ഷം രൂപ പി.ഡബ്ള്യു. ഡി യ്ക്ക് കൈമാറിയിട്ടുണ്ട്. |
| സി) | മാനസികആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കാമോ? | സി) | മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനും, വികസന പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ